ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) തൊഴിലുറപ്പ് പദ്ധതിയുടെ വിലയിരുത്തൽ നടത്തുന്നതിന് സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട് മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. വിലയിരുത്തൽ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) തൊഴിലുറപ്പ്പദ്ധതി കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണ് നടപ്പിലാക്കുന്നത്. ഇതുപ്രകാരം മണ്ണ്-ജല സംരക്ഷണപ്രവൃത്തികൾ, വനവൽക്കരണം, ചെറുകിട ജലസേചനം, ഗ്രാമീണ ലിങ്ക് റോഡുകൾ സമൂഹത്തിന് മൊത്തത്തിൽ പ്രയോജനപ്പെടുന്ന കെട്ടിടങ്ങൾ എന്നീ മേഖലകളിലാണ് തുക വിനിയോഗിക്കപ്പെടുന്നത്. ഇതിനുപരിയായി ഏതെങ്കിലും മേഖലകളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടതും തീരുമാനം കൈക്കൊള്ളേണ്ടതും കേന്ദ്രസർക്കാരാണ്.

(സി) ഇപ്പോൾ സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും നടപ്പിലാക്കിവരുന്ന ഈ പദ്ധതിയിൽ സ്ഥായിയായ വികസനത്തിനും തൊഴിലവസര സൃഷ്ടിക്കും പ്രയോജനപ്പെടുന്ന സാമ്പത്തിക അടിസ്ഥാന സൗകര്യങ്ങളുടെയും സാമൂഹിക ആസ്തികളുടെയും സൃഷ്ടിക്കായുള്ള പ്രവൃത്തികൾ ബ്ലോക്ക് പ്രദേശത്തെ അവികസിതമേഖലയ്ക്ക് പ്രാമുഖ്യം നൽകി നിലവിലുള്ള വ്യവസ്ഥകൾപ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്കുതന്നെ ഏറ്റെടുക്കാവുന്നതാണ്.

(ഡി) മഴവെള്ളം സംഭരിക്കുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരംതന്നെ ഏറ്റെടുക്കാവുന്നതാണ്.

30 (*120) ജലപാതകളുടെ പുനരുദ്ധാരണം

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജലപാതകളുടെ പുനഃരുദ്ധാരണത്തിനായി എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ദേശീയജലപാതയുടെ ഭാഗമായി സംസ്ഥാനത്ത് ജലപാത നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ)&(ബി) ഉണ്ട്, ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടില്ലാത്ത മറ്റു ജലപാതകളുടെ നിർമ്മാണപ്രവർത്തനങ്ങൾ സംസ്ഥാന ബഡ്ജറ്റ് വിഹിതം മാത്രം വിനിയോഗിച്ച് നടത്തുവാൻ കഴിയുകയില്ല, എന്നതിനാൽ ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

ധനാഗമമാർഗ്ഗങ്ങൾ കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെയോ നബാർഡ്, ലോക ബാങ്ക് മുതലായ ഏജൻസികൾവഴിയോ ലഭ്യമായി നടപ്പാക്കാൻ സംസ്ഥാന സർക്കാർ നടപടികൾ എടുത്തിട്ടുണ്ട്. ഇപ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിലേക്കായി താഴെക്കാണിച്ചിരിക്കുന്ന ജലപാതകളുടെ വികസനത്തിനുവേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ടുകൾ ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

1. ടി.എസ്. കനാലിന്റെ ഭാഗമായ കോവളം മുതൽ നടയറവരെയുള്ള കനാലിന്റെ വികസനം - 1950 ലക്ഷം രൂപ
2. ബെയ്പൂർ- കല്ലായി കനാലിന്റെ അഭിവൃദ്ധിപ്പെടുത്തൽ - 1080 ലക്ഷം രൂപ
3. വടകര-മാലി കനാലിന്റെ അഭിവൃദ്ധിപ്പെടുത്തൽ - 1639 ലക്ഷം രൂപ
4. കൊറ്റി- വളപട്ടണം- പറശ്ശിനിക്കടവ് കനാലിന്റെ അഭിവൃദ്ധിപ്പെടുത്തൽ (നബാർഡ് അംഗീകാരത്തിനായി- 931 ലക്ഷം രൂപ)
5. കോട്ടപ്പുറം (കാസർഗോഡ്) - കൊറ്റി കനാലിന്റെ അഭിവൃദ്ധിപ്പെടുത്തൽ -332.44 ലക്ഷം രൂപ ഇവയിൽ കൊറ്റി- കോട്ടപ്പുറം റൂട്ടിന്റെ നവീകരണത്തിനായി 321.21 ലക്ഷം രൂപയുടെ പ്രോജക്ടിന് 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ഉപരിതലഗതാഗത മന്ത്രാലയം അനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്.

ദേശീയ ജലപാത 3 ആയി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള കൊല്ലം മുതൽ കോട്ടപ്പുറംവരെയുള്ള ജലപാതയുടെ വികസനപ്രവർത്തനങ്ങൾ ഉപരിതലഗതാഗത മന്ത്രാലയത്തിനു കീഴിലുള്ള ഇൻലാന്റ് വാട്ടർ വെയ്സ് അതോറിറ്റി ഓഫ് ഇന്ത്യ നേരിട്ട് നടത്തിവരുന്നു. ഉൾനാടൻ ജലഗതാഗത ടെർമിനലുകളുടെ നിർമ്മാണം, ദേശീയ ജലപാതയുടെ ആഴവും വീതിയും കൂട്ടൽ എന്നിവ ഇതിലുൾപ്പെടുന്നു.

ഇതിനുപുറമേ, കൊറ്റി-കോട്ടപ്പുറം വളപ്പട്ടണം- പറശ്ശിനിക്കടവ് ജലഗതാഗത റൂട്ടിൽ, ബോട്ട് സർവ്വീസ് പുനരാരംഭിക്കുന്നതിനായി ഏകദേശം 4 കോടി രൂപ ചെലവിൽ സംസ്ഥാന സർക്കാർ പണികൾ നടത്തിയിട്ടുണ്ട്.

ഈ കനാൽ പൂർണ്ണമായി നവീകരിക്കുന്നതിനായി 13 കോടി രൂപയുടെ എസ്റ്റിമേറ്റിൽ, കൂടുതൽ പണികൾക്ക് അംഗീകാരം നൽകുന്ന കാര്യം സർക്കാർ പരിഗണിച്ചുവരികയാണ്.

ഇതിനുപുറമേ, ആലപ്പുഴ-കോട്ടയം, കോട്ടയം-വൈക്കം, ആലപ്പുഴ-ചങ്ങനാശ്ശേരി എന്നീ ഉൾനാടൻ ജലപാതകൾ നവീകരിക്കുന്നതിനായി 12 മില്ല്യൻ ഡോളറിന്റെ ഒരു പദ്ധതിക്ക് ലോകബാങ്കിന്റെ സഹായം തേടുന്നതിനായി സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഭാഗമായ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി. ഭാഗവും ഉപ കനാലുകളായ 23 കി.മി. ദൂരം വരുന്ന ഉദ്യോഗമണ്ഡൽ കനാലും 14 കി.മി. ദൂരം വരുന്ന ചമ്പക്കര കനാലുമാണ് കേന്ദ്ര സർക്കാർ ദേശീയ ജലപാത മൂന്നായി പ്രഖ്യാപിച്ചിട്ടുള്ളത് ദേശീയ ജലപാതയിൽ വരുന്ന എല്ലാ വികസന പ്രവർത്തനങ്ങളും മരാമത്തു പണികളും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിനുകീഴിൽ പ്രവർത്തിക്കുന്ന ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയാണ് നടത്തിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ദേശീയ ജലപാത തെക്കോട്ട് കോവളം വരെയും വടക്കോട്ട് കാസർകോട് വരെയും നീട്ടുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരികയാണ്. ഇതിനു പ്രാരംഭമായി പ്രസ്തുത ജലപാതകളുടെ സാദ്ധ്യതാപഠനം ' നാട്പാക്ക് ' നടത്തികഴിഞ്ഞിട്ടുണ്ട്. പഠന റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (397) ട്രോളിംഗ് നിരോധനം ഏർപ്പെടുത്താൻ സ്ഥിരം സംവിധാനം

ശ്രീ. പി. രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർഷകാലട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ട്രോളിംഗ് നിരോധനക്കാലത്ത് സംസ്ഥാന പരിധിയിൽവരുന്ന തീരപ്രദേശങ്ങളിൽ വിദേശ ട്രോളറുകളുടെ മത്സ്യബന്ധനം തടയാൻ നടപടി സ്വീകരിക്കുമോ; ഇതിനായി എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ട്രോളിംഗ് നിരോധനം നിലവിലുള്ള 45 ദിവസം 70 ദിവസമായി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എല്ലാവർഷവും ഒരു നിശ്ചിത തീയതിമുതൽ ട്രോളിംഗ് നിരോധനം എന്നതിന് നിയമപരമായ നടപടികൾ സ്വീകരിക്കുമോ;

(ഇ) നിരോധനം ലംഘിക്കുന്നതു തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) തൽക്കാലം ആലോചനയിലില്ല.

(ബി) നിരോധനകാലത്ത് നിരോധനം ലംഘിച്ച് മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ കേരള മറൈൻ ഫിഷറീസ് റഗുലേഷൻ ആക്ട് പ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) ഇല്ല.

(ഡി) ഇതിന് നിയമപരമായ നടപടികൾ സ്വീകരിക്കേണ്ട ആവശ്യമില്ല.

(ഇ) അത്യാധുനിക സജ്ജീകരണങ്ങളോടുകൂടിയ ഫിഷറീസ് വകുപ്പിന്റെ 4 ബോട്ടുകൾ ഉൾപ്പെടെ 6 ബോട്ടുകളും സ്വകാര്യ വ്യക്തികളിൽ നിന്നും വാടകയ്ക്കെടുത്ത 6 ബോട്ടുകളും ഉപയോഗിച്ച് പട്രോളിംഗ് നടത്തുന്നുണ്ട്. നിയമം ലംഘിക്കുന്ന ബോട്ടുകളെ പിടിച്ചെടുക്കുന്നതിന് അധികാരപ്പെടുത്തിയ വകുപ്പിലെ ഉദ്യോഗസ്ഥന്മാരെ ബന്ധപ്പെട്ട എല്ലാ കേന്ദ്രങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly